വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പാർലമെന്റിൽ അവതരിപ്പിക്കാൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്ന വൈദ്യുത ബിൽ വൈദ്യുതി ബോർഡുകൾ ഇല്ലാതാകുകയും, സ്വകാര്യവൽക്കരണം നടപ്പാക്കുകയും ചെയ്യുന്നതാണെന്ന് കരുതുന്നു.

(ബി) കരടു വൈദ്യുതി ബില്ലിന്റെ ഖണ്ഡികകൾ 37 1 (എ) യും 75 2 (എ) യും പ്രകാരം വൈദ്യുതി നിലയങ്ങളുടെയും പ്രസരണ ലയിനുകളുടെയും നിരക്ക് നിശ്ചയിക്കുന്നതിനുള്ള തത്വങ്ങളും രീതിയും കേന്ദ്ര റഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്നതും അത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകുന്നതുമാണ്.

(സി) ബില്ലിന്റെ 37-ാം വകുപ്പിൽ അപ്രകാരം പറഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബിൽ നടപ്പായാൽ വൈദ്യുതി നിരക്കിൽ വർദ്ധന ഉണ്ടാകുമെന്നാണ് കരുതുന്നത്.

പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗം ജനങ്ങളെ പുനരധിവസിപ്പിക്കുവാൻ നടപടി

8 (*37) ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗം ജനങ്ങളെ പുനരധിവസിപ്പിക്കുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ നടപടികളുടെ ഭാഗമായി ഇവർക്ക് സ്വന്തമായി വീട് നിർമ്മിച്ചു നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിന്റെ പ്രയോജനം സംസ്ഥാനത്ത് എത്ര പേർക്ക് ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ പുനരധിവാസത്തിനായി "പുറമ്പോക്ക് നിവാസികളുടെ പുനരധിവാസ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചു ജില്ലാപഞ്ചായത്ത് മുഖേന നടപ്പാക്കി വരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1997-98-ൽ ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് ഏകദേശം 1437 പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് (1102 പട്ടികജാതിക്കാർക്കും 335 പട്ടികവർഗ്ഗക്കാർക്കും)

കൺസ്യൂമർ കാർഡ്

9 (*38) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി ഉപഭോക്താക്കൾക്കുള്ള കൺസ്യൂമർ കാർഡ് എന്ന് മുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര ഉപഭോക്താക്കൾ അപേക്ഷ നൽകി ; അപേക്ഷ നൽകാത്തവരുടെ എണ്ണം എത്ര ;

(സി) കൺസ്യൂമർ കാർഡിനുള്ള അപേക്ഷയിൽ എന്തെല്ലാം കാര്യങ്ങളാണ് നൽകുവാൻ ആവശ്യപ്പെട്ടിട്ടുള്ളത് ;

(ഡി) കൺസ്യൂമർ കാർഡ് സിസ്റ്റം നടപ്പിലാക്കുന്നതിനെ ഏതെങ്കിലും രാഷ്ട്രീയപാർട്ടികളോ സംഘടനകളോ വിമർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് വേണ്ടെന്നു വയ്ക്കുവാൻ തയ്യാറാകുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) 10-6-2000 ന് കൺസ്യൂമർ കാർഡിന്റെ വിതരണം ചെയ്തു തുടങ്ങി.

(ബി) 33,28,702 ഉപഭോക്താക്കൾ അപേക്ഷ നൽകി. 9,84,537 ഉപഭോക്താക്കൾ അപേക്ഷ നൽകാത്തവരായുണ്ട്.

(സി) രജിസ്റ്റേർഡ് ഉപഭോക്താവിന്റെ പേര് മേൽവിലാസം, കൺസ്യൂമർ നമ്പർ, വൈദ്യുതി ഇപ്പോൾ ഉപയോഗിക്കുന്ന ആളിന്റെ പേര്, മേൽവിലാസം, ഉടമസ്ഥൻ, കൈവശക്കാരൻ, വാടകക്കാരൻ എന്നിവയിൽ ബാധകമായിട്ടുള്ളത് 'ടിക്' ചെയ്യാം. കൂടാതെ, ബിൽഡിംഗ് നമ്പർ, സെക്ഷൻ, മേജർ സെക്ഷൻ, പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ, ജില്ല, ടെലിഫോൺ നമ്പർ, കണക്ടഡ് ലോഡ്, വൈദ്യുതി എന്താവശ്യത്തിന് ഉപയോഗിക്കുന്നു (ഗാർഹികമോ, കാർഷികമോ) സിംഗിൾ ഫേസ് ആണോ, ത്രീ ഫേസ് ആണോ, പോസ്റ്റ് നമ്പർ, മീറ്റർ നമ്പർ, മീറ്റർ കപ്പാസിറ്റി തുടങ്ങിയ കാര്യങ്ങൾ ഉപഭോക്താവ് പൂരിപ്പിച്ചു നൽകേണ്ടതുണ്ട്. അപേക്ഷയിൽ നൽകാൻ ബുദ്ധിമുട്ടുള്ള 2, 4, 5, 9, 10, 14, 16, 17 ഇനങ്ങൾക്ക് കൺസ്യൂമർ പൂരിപ്പിച്ചു നൽകേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly